**A** **602**

# സമഗ്ര ശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണയം 2019-20

## മലയാളം

ക്ലാസ് : 6 **കേരളപാഠാവലി** സമയം: 2 മണിക്കൂർ

***നിർദേശങ്ങൾ***

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. ചുവടെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം.** രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ **നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.**

**പ്രവർത്തനം- 1 വായിക്കാം എഴുതാം**

**കവിതാഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേൻമാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തി മേഘങ്ങൾ പോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നുതെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂ കൂരവത്താ-
ലെല്ലാർക്കു മേകുന്നിതേ കോകിലങ്ങൾ.

പാടങ്ങൾ പൊന്നിൻ നിറം പൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പു കൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നുവാനിൽ.

ചന്തം ധരയ്ക്കേറെയായ്, ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ-വന്നു വസന്തം!

നാകത്തിൽ നിന്നോമനേ, നിന്നെ വിട്ടീ-
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

**പൂക്കാലം** **എൻ. കുമാരനാശാൻ**

1. കവിതയിൽ ഏതു കാലത്തെയാണ് വർണിച്ചിട്ടുള്ളത്?
(വർഷകാലത്തെ, ശരത്കാലത്തെ, വസന്തകാലത്തെ)
2. എല്ലാവരെയും സന്തോഷിപ്പിക്കുന്ന ഒരു പക്ഷിയെക്കുറിച്ച് കവിതയിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഏതാണ് ആ പക്ഷി?
(തത്ത, കുയിൽ, പ്രാവ്)
3. ചുവന്നു മനോഹരമായിരിക്കുന്ന കാടിനെ ഏതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു?
(ഇലഞ്ഞിപ്പൂക്കളോട്, അസ്തമയ സൂര്യനോട്, അന്തിമേഘങ്ങളോട്, )

4. തത്തകൾ നെൽക്കതിരുകൾ കൊത്താനെത്തുന്നത്.
(വായു പുഷ്പഗന്ധം പരത്തുമ്പോൾ, പാടങ്ങൾ പൊന്നിൻ നിറംപൂണ്ട് നിൽക്കുമ്പോൾ, പൂങ്കാവിൽ ആളേറെയാകുമ്പോൾ)

5. 'നിറം' എന്ന അർത്ഥത്തിൽ കവിതാഭാഗത്ത് നൽകിയിരിക്കുന്ന മറ്റൊരു പദം

(ഗന്ധം, വർണം, നാകം)

**പ്രവർത്തനം- 2 അഭിപ്രായക്കുറിപ്പ്**

എം.എസ്. ബാബുരാജിനെപ്പോലെ കോഴിക്കോട് അബ്ദുൽഖാദറിനെയും കണ്ടെത്തിയത് കുഞ്ഞുമുഹമ്മദ്ക്കയായിരുന്നു. ഇവരെ വളർത്തിയെടുക്കൽ തന്റെ നിയോഗമായി കരുതി അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു. 'പാട്ടിന്റെ പാലാഴി' എന്ന പാഠഭാഗത്തിലെ കുഞ്ഞുമുഹമ്മദ്ക്കയെ പരിചയപ്പെട്ടല്ലോ?

**തന്റെ ജീവിതം മറ്റുള്ളവരുടെ ഉയർച്ചക്കുവേണ്ടി ചെലവഴിച്ച കുഞ്ഞുമുഹമ്മദ്ക്കയുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എഴുതുക.** അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ, അതിലെ നന്മ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

**പ്രവർത്തനം- 3 ദൃക്സാക്ഷി വിവരണം**

'മയന്റെ മായാജാലം' എന്ന കാവ്യഭാഗത്ത്, നിമിഷനേരം കൊണ്ട് അതിഭീമാകാരമായ കൊട്ടാരം പണിതുയർത്തുന്ന രംഗത്തിന്റെ ദൃക്സാക്ഷിവിവരണം തയാറാക്കിയിരുന്നല്ലോ? കുഞ്ചൻ നമ്പ്യാരുടെ 'കല്ല്യാണസൗഗന്ധികം' തുള്ളലിൽ തന്റെ വഴിമുടക്കി കിടക്കുന്ന ഹനുമാനെ അവിടെനിന്നും നീക്കാൻ ഭീമന്റെ ശ്രമം അവതരിപ്പിച്ചിരിക്കുന്നത് വായിക്കൂ...

സംഭവത്തിന്റെ ഭാവത്തിനും വൈകാരികതയ്ക്കും അനുയോജ്യമായ ദൃക്സാക്ഷി വിവരണം തയാറാക്കുക.

ഇത്ഥം പറഞ്ഞതിക്രുദ്ധനാം പാണ്ഡവൻ
നക്തഞ്ചരാരാതിദാസന്റെ പുച്ഛാഗ്രം
ഉത്തുംഗമാകും ഗദകൊണ്ടു പൊക്കുവാ-
നത്യന്തവേഗേന ചെന്നെടുത്തീടിനാൻ
ദീർഘം പെരുത്തൊരു പുച്ഛം ഗദകൊണ്ടു
പൊക്കുവാനായി പ്രയത്നം തുടങ്ങിനാൻ.
രണ്ടുകരങ്ങളെക്കൊണ്ടു പിടിച്ചുടൻ
രണ്ടുമൂന്നട്ടഹാസം മുഴക്കി ഗദ-
കൊണ്ടുടൻ തിക്കിക്കുലുക്കിപ്പലവിധം-
കൊണ്ടുമിളക്കം തരിമ്പില്ല വാലിനു
നീണ്ടു തടിച്ചൊരു പുച്ഛാഗ്രഭാഗത്തു
രണ്ടുരോമം പോലുമെങ്ങുമിളകീല,
വേണ്ടും പ്രയോഗങ്ങളെല്ലാം പ്രയോഗിച്ചു
വേണ്ടുവോളം നാണവുംകെട്ടു മാറിനാൻ.

| | | |
|---|---|---|
| ഉത്തുംഗം | - | ഉയർന്ന |
| പുച്ഛം | - | വാൽ |
| ഇത്ഥം | - | ഇപ്രകാരം |
| നക്തഞ്ചരാരാതി ദാസൻ | - | ഹനുമാൻ |
| ദീർഘം | - | നീളം |
| കരം | - | കൈ |
| തരിമ്പ് | - | അല്പംപോലും |
| ക്രുദ്ധൻ | - | ദേഷ്യമുള്ളവൻ |

**പ്രവർത്തനം – 4 ഡയറി എഴുതുക**

''അവൾ കൃതജ്ഞതാപൂർവം പപ്പുവിനെ ഒന്നു നോക്കിയിട്ട് തിരിഞ്ഞു നടന്നു. പപ്പുവും അവളുടെ കൂടെ നടന്നു. അങ്ങനെ നടക്കുവാൻ അയാൾക്കൊരാഗ്രഹം.''

"നീ നാളെ വരുമോ?" അയാൾ ചോദിച്ചു.

"എന്തിനാ"

"വെറുതെ"

"ഇനി എന്നെ ഉരുട്ടി ഇടോ?" അവൾ ചിരിച്ചു.

"ഇല്ല" അയാളും ചിരിച്ചു.

"എന്നാ വരാം......"

വീട്ടിലെത്തിയ ലക്ഷ്മിക്ക് അന്നത്തെ സംഭവങ്ങൾ മറക്കാനേ കഴിഞ്ഞില്ല. അവൾ ബുക്കെടുത്ത് അന്നത്തെ ഡയറി എഴുതി. ലക്ഷ്മി ഡയറിയിൽ എന്തൊക്കെയായിരിക്കും എഴുതിയിട്ടുണ്ടാവുക? ലക്ഷ്മിയെ റിക്ഷ തട്ടിയ ദിവസത്തെ ഡയറി തയാറാക്കുക.

**പ്രവർത്തനം- 5 ആസ്വാദനക്കുറിപ്പ്**

പശുവിനെ കറക്കുന്ന അമ്മയുടെ അടുത്ത് പാലിനുവേണ്ടി പാത്രവുമായി കാത്തു നിൽക്കുന്ന ഉണ്ണിക്കണ്ണനെ വാക്കുകൾ കൊണ്ട് വരച്ചിരിക്കുന്നത് 'ഒരു ചിത്രം' എന്ന കവിതയിൽ പരിചയപ്പെട്ടല്ലോ? പ്രകൃതിയിലെ മനോഹരമായ ഒരു കാഴ്ചയെ മറ്റൊരു കവി വാക്കുകൾ കൊണ്ട് വരച്ചിരിക്കുന്നത് നോക്കൂ... കവിതയിലെ വാങ്മയചിത്രങ്ങൾ വിശകലനം ചെയ്തും പ്രയോഗ ഭംഗി കണ്ടെത്തിയും വരികൾ വ്യാഖ്യാനിച്ചും ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**മഞ്ഞക്കിളി**

പഞ്ഞിയും തൂവലും പായലും വൈക്കോലും
പഞ്ഞത്തിൻ തുമ്പും തുരുമ്പും തേടി,
ദ്രാവകനൂലിനാലായവയൊക്കെയു-
മാവതും ഭംഗിയായ് കോർത്തിണക്കി,
നാളുകൾ നാലുകൊണ്ടമ്പഴക്കൊമ്പത്ത്
മാളിക തീർത്തുപോയ് മഞ്ഞക്കിളി.

ഉൾപ്പെടും വാസനയുത്സാഹം കൊള്ളവെ
കുപ്പയിൽ നിന്നൊരു കൂടുപൊങ്ങി.
വെള്ളതേപ്പെന്തിന്? ഭദ്രമീക്കൂടിന്റെ
യുള്ളറ, യമ്മതന്നുള്ളുപോലെ.
മിന്നാമിനുങ്ങും വിളക്കിനല്ലന്തിയി,-
ലെന്നാലും ശോഭനമീ ഭവനം.

കൂട്ടരേ നോക്കുവി, നമ്പഴക്കൊമ്പത്തെ-
കൂട്ടിലെ പൈങ്കിളി മുട്ടയിട്ടു.
എന്തുമെഴുമെഴു, പ്പെന്തുമുഴുമുഴു-
പ്പെന്തൊരു കൊച്ചുരസക്കുടുക്ക.

**വൈലോപ്പിള്ളി.**

## പ്രവർത്തനം - 6 അനുസ്മരണ പ്രസംഗം.

"പാടാനോർത്തൊരു മധുരിമഗാനം.. പാടിയതില്ലല്ലോ"

എന്ന ടാഗോറിന്റെ 'ഗീതാഞ്ജലി'യിലെ ഗാനം പാടി അനശ്വരമാക്കിയ കോഴിക്കോട് അബ്ദുൽഖാദറിനെക്കുറിച്ച് 'പാട്ടിന്റെ പാലാഴി' എന്ന പാഠഭാഗത്ത് നിന്നും വായിച്ചറിഞ്ഞല്ലോ? അദ്ദേഹവുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

- 1916 ഫെബ്രുവരി 19<br>1977 ഫെബ്രുവരി 13
- കേരള സൈഗാൾ
- കോഴിക്കോട് മിഠായിത്തെരുവിൽ വാച്ച് കമ്പനി നടത്തിയിരുന്ന ജെ. എസ്. ആൻഡ്രൂസിന്റെ മകൻ
- സിനിമ, നാടക പിന്നണി ഗാനരംഗത്ത് സ്വരമാധുരിയും ആലാപന മികവും കൊണ്ട് ശ്രദ്ധേയമായ വ്യക്തി.
- കോഴിക്കോട് അബ്ദുൽഖാദർ
- ആകാശവാണി നിലയത്തിൽ ഗായകൻ
- സോജാ രാജകുമാരീ സോജാ....<br>എങ്ങിനെ നീ മറക്കും കുയിലേ...<br>പച്ച പനം തത്തേ.....<br>തുടങ്ങിയ ഗാനങ്ങൾ.
- ധാരാളം നാടക ഗാനങ്ങൾ പാടി
- ജനകീയ ഗായകൻ

പാഠഭാഗത്തു നിന്നുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തി കോഴിക്കോട് അബ്ദുൽഖാദറിന്റെ അനുസ്മരണ ചടങ്ങിൽ അവതരിപ്പിക്കാനായി ഒരു പ്രസംഗം തയാറാക്കുക.